**"ഭരണഭാഷ – മാതൃഭാഷ"**

നം:എ 5/3558/2022/ഡി ജി ഇ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **24/05/2022**

**സർക്കുലർ– II**

വിഷയം:– പൊതുവിദ്യാഭ്യാസം –ജീവനക്കാര്യം– 2022–23 അധ്യയന വർഷത്തെ അധ്യാപകരുടെ റവന്യൂ ജില്ലാതല ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിനു അപേക്ഷിക്കുന്നതിന് വേണ്ടുന്ന വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന :–
1. 25/05/1999 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 120/19/പൊ വി വ.
2. 02/12/1991 ലെ സർക്കാർ ഉത്തരവ് നമ്പർ 36/1991/പി & എ ആർ ഡി.
3. 16/03/1996 ലെ സർക്കാർ ഉത്തരവ് നമ്പർ 12/96/പി & എ ആർ ഡി.
4. 28/10/2002 ലെ സർക്കാർ ഉത്തരവ് നമ്പർ. 316/2002/പൊ വി വ.
5. 10/09/2004 ലെ സർക്കാർ ഉത്തരവ് നമ്പർ. 12/04/ഉ.ഭ.പ.വ.
6. 30/12/2009 ലെ സർക്കാർ ഉത്തരവ് നമ്പർ. 22/09/പി & എ ആർ ഡി.
7. 27/03/2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ. 11/2010/പി & എ ആർ ഡി.
8. 20/01/2012 ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 20/2012/പൊ വി വ.
9. 06/07/2012 ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 217/2012/പൊ വി വ.
10. 23/08/2012 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 42/2012/ഉ.ഭ.പ.വ.
11. 28/05/2013 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ബി1/37367/13/ഡി പി ഐ സർക്കുലർ.
12. 29/05/2015 ലെ സർക്കാർ കത്ത് നമ്പർ 47021/ജെ1/14/പൊ വി വ.
13. സർക്കാരിന്റെ 14/10/2015 ലെ സർക്കുലർ നമ്പർ 26519/ജെ1/15/പൊ വി വ.
14. സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017/ഉ.ഭ.പ.വ തീയതി 25/02/2017.
15. 11/10/2021 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ 5/2404/2021/ഡി ജി ഇ സർക്കുലർ –I.
16. 20/10/2021 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ 5/2404/2021/ഡി ജി ഇ സർക്കുലർ –II.
17. 14/03/2022 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ 5/3558/2022/ഡി ജി ഇ സർക്കുലർ –I.
18. 16/01/2019 ലെ സർക്കാർ കത്ത് നമ്പർ ജെ3/5/2019/പൊ വി വ.

*******

1. പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാധ്യാപകർ/പ്രൈമറി അധ്യാപകർ എന്നിവരുടെ 2022–23 അധ്യയന

വർഷത്തേക്കുള്ള റവന്യൂ ജില്ലാതല പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു . ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ **http://tandp.kite.kerala.gov.in/** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

2. 14 റവന്യൂ ജില്ലകളിലും 2022-23 അദ്ധ്യയന വർഷത്തിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് അർഹരായ അധ്യാപകർക്ക് അവരവർ ജോലി ചെയ്യുന്ന റവന്യൂ ജില്ലയിൽ സ്ഥലംമാറ്റം നൽകുന്നതിന് വേണ്ടിയുള്ളതാണ് ഈ വിശദാംശങ്ങൾ. കോമൺപൂളിൽ ഉൾപ്പെട്ടിട്ടുള്ള അധ്യാപകരുടെ പൊതു സ്ഥലംമാറ്റം പൂർത്തിയായതിനുശേഷം പഞ്ചായത്ത് സ്കൂളുകളിൽ ബാക്കിയുള്ള ഒഴിവുകൾ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിനു മാറ്റിവയ്ക്കേണ്ടതാണ്. ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ഹെഡ്മാസ്റ്റർ തലത്തിലും വിദ്യാഭ്യാസ ഉപ ഡയറക്ടർ തലത്തിലും പരിശോധന നടത്തിയ ശേഷം ഓൺലൈൻ ട്രാൻസ്ഫറിനായി പരിഗണിക്കുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവാദമുള്ളൂ. ഒരു പ്രാവശ്യം അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അതിൽ ഒരു തരത്തിലുള്ള മാറ്റവും വരുത്തുവാൻ കഴിയുകയില്ല . ഓൺലൈനിൽ നൽകുന്ന അപേക്ഷ **confirm** ചെയ്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുകയുള്ളൂ. ആയതിനാൽ അപേക്ഷകൻ തന്നെ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്. പൊതു സ്ഥലം മാറ്റത്തിന് ഹയർ ഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കും എന്നുള്ളതിനാൽ സ്കൂളുകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുവാൻ അപേക്ഷകർ ശ്രദ്ധിക്കണം. ഹയർ ഓപ്ഷനിൽ സ്ഥലംമാറ്റം റദ്ദു ചെയ്യുവാൻ ലഭിക്കുന്ന എല്ലാ അപേക്ഷകളും ലോവർ ഓപ്ഷനിൽ സ്ഥലംമാറ്റം അനുവദിച്ച് കിട്ടുന്നതിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും വിദ്യാഭ്യാസ ഉപ ഡയറക്ടർ തലത്തിൽ തന്നെ നിരസിച്ച് ഉത്തരവ് നൽകേണ്ടതാണ്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത കാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടതാണ്. വ്യക്തിഗത പാസ്സ്‌വേർഡ് (പാസ്സ്‌വേർഡ് അപേക്ഷകന് ഇഷ്ടമുള്ളത് നൽകാം) രഹസ്യസ്വഭാവമുള്ളതായിരിക്കണം. ഈ പാസ്സ്‌വേർഡ് ഉപയോഗിച്ചാണ് പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച ആപ്ലിക്കേഷൻ ഐ ഡി യും അപേക്ഷകൻ നൽകിയ പാസ്സ്‌വേർഡും ഭദ്രമായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റ്ഔട്ട് എടുക്കുന്നതിനും തുടർന്ന് വരുന്ന സ്ഥലം മാറ്റത്തിന്റെ വിവരങ്ങൾ അറിയുന്നതിനും ആപ്ലിക്കേഷൻ ഐ ഡി യും പാസ്സ്‌വേർഡും അത്യന്താപേക്ഷിതമാണ്. **01/06/2022** വൈകുന്നേരം 5 മണി വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷ പ്രധാനാധ്യാപകനും , അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും വെരിഫൈ ചെയ്തു എന്ന് അപേക്ഷകനും ഉറപ്പുവരുത്തേണ്ടതാണ്.

3. ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ദീർഘമായ അവധിയിൽ നിൽക്കുന്നവർക്ക് ജില്ലാതല സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതല്ല . സൂചന (18) ലെ സർക്കാർ നിർദ്ദേശമനുസരിച്ച് ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന അധ്യാപകർക്ക് ജില്ലയ്ക്ക് അകത്തുള്ള സ്ഥലമാറ്റത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ് . എന്നാൽ ഡെപ്യൂട്ടേഷൻ കാലയളവ് സ്ഥലംമാറ്റത്തിനു വേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല. അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റം ലഭിച്ച അധ്യാപകർക്ക് 3 വർഷത്തേക്ക് അച്ചടക്കനടപടിക്ക് വിധേയമായ സമയത്ത് ജോലി ചെയ്തിരുന്ന സ്കൂളുകളിലേക്ക് സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കാവുന്നതല്ല.

4. പി എസ് സി മുഖേന നിയമനം ലഭിക്കുന്ന അധ്യാപകർക്ക് പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ക്രമ നമ്പരും ആകും സീനിയോരിറ്റി കണക്കാക്കുവാൻ പരിഗണിക്കുക. പ്രൊമോഷൻ തസ്തികയിലേക്കാണ് നിയമനമെങ്കിൽ പ്രൊമോഷൻ ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോരിറ്റി കണക്കാക്കാൻ പരിഗണിക്കുക. പി എസ് സി നിയമനം ലഭിച്ച് ജോലിയിൽ ചേർന്നത് നിയമന തീയതിക്ക് 3 മാസത്തിനു ശേഷമാണെങ്കിൽ അവർ സർവീസിൽ ചേർന്ന ദിവസം മുതൽ മാത്രം സീനിയോരിറ്റി കണക്കാക്കാവുന്നതാണ്. അന്തർ ജില്ലാ

സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ചവർക്ക് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതലേ സീനിയോരിറ്റി കണക്കാക്കുകയുള്ളൂ. **31/03/2022** വരെ ജോലിയിൽ പ്രവേശിച്ചവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

5. 20/01/2012 ലെ സർക്കാർ ഉത്തരവ് നമ്പർ (എം എസ് )20/2012/പൊ വി വ പ്രകാരം പഞ്ചായത്ത് സ്കൂളുകളിൽ പി എസ് സി മുഖേന നിയമിതരായ അധ്യാപകർക്ക് സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6. ആർ എം എസ് എ സ്കൂളുകളിൽ തുടർന്ന് വരുന്ന പി എസ് സി മുഖേന നിയമിതരായ അധ്യാപകർക്കും, ഭാഷ ന്യൂനപക്ഷ സ്കൂളുകളിലെ അധ്യാപകർക്കും മുൻവർഷം അവലംബിച്ചിരിക്കുന്ന രീതിയിൽ സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കാവുന്നതാണ് . എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും അവരവരുടെ അധികാര പരിധിയിൽ വരുന്ന പഞ്ചായത്ത് സ്കൂളുകളിലെയും ആർ എം എസ് എ യുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെയും ഒഴിവുകൾ (**30/06/2022 വരെ** ഉണ്ടാകുന്ന ഒഴിവുകൾ) അപ് ലോഡ് ചെയ്യേണ്ടതാണ്.

7. എം ആർ എസ് സ്കൂളുകളിലെ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയതിനാൽ എം ആർ എസ് സ്കൂളുകളിലെ വേക്കൻസികൾ ഓൺലൈനിൽ ഉൾപ്പെടുത്തുവാൻ പാടില്ല. അതുപോലെ ഐ ടി ഐ , പോളിടെക്നിക്കുകൾ എന്നീ സ്ഥാപനങ്ങളിലെ നിയമനവും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ടി ഒഴിവുകളും ഓൺലൈനിൽ ഉൾപ്പെടുത്തുവാൻ പാടില്ല. സർക്കാർ/ എയ്ഡഡ് ടി ടി ഐ കളിൽ എൻ സി ടി സി മാനദണ്ഡമനുസരിച്ച് കൂടുതൽ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി ടി ഐ കളിൽ ഉണ്ടാകുന്ന അധ്യാപക ഒഴിവുകൾ നികത്തുമ്പോൾ ബിരുദാനന്തര ബിരുദവും / എം എഡും 55% മാർക്കോടുകൂടി വിജയിച്ച അപേക്ഷകർക്ക് കൂടുതൽ പരിഗണന നൽകേണ്ടതും , നിലവിലെ യോഗ്യതയുള്ള അപേക്ഷകരെ പരിഗണിച്ച് സ്ഥലംമാറ്റം നൽകേണ്ടതുമുണ്ട്.

8. ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അധ്യാപകർക്ക് ആവശ്യമായ അറിയിപ്പുകൾ നൽകുന്നതിന് ജില്ലാ തലത്തിൽ തന്നെ പത്രപരസ്യം നൽകേണ്ടതാണ്.

9. പ്രധാനാധ്യാപകർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അവരുടെ കോൺഫറൻസിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിനും പാസ്സ്‌വേർഡ് നൽകുന്നതാണ്. വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓരോ സ്കൂളിനും ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനും ഒരു പാസ്സ്‌വേർഡ് നൽകുന്നതും പ്രധാനാധ്യാപകർ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ രജിസ്റ്റർ ചെയ്ത അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, ആയത് റിമാർക്സ് സഹിതം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ പ്രിന്റ് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ ശരിപകർപ്പ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് കൈമാറേണ്ടതുമാണ്. വിദ്യാഭ്യാസ ഉപ ഡയറക്ടർ പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റംത്തിനു പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരം തിരിക്കേണ്ടതാണ് . പരിഗണനാർഹമല്ലാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണ്. അപേക്ഷയുടെയും ബന്ധപ്പെട്ട (പ്രത്യേക പരിഗണന തെളിയിക്കുന്നതിനുള്ള ) രേഖകളുടെയും പരിശോധനയുടെ കൃത്യത ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്. ഈ അധ്യയന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി പൊതു വിദ്യാഭ്യാസ വകുപ്പിലെ ഏതു തസ്തികയിലേക്കാണ് സ്ഥലം മാറ്റം വേണ്ടത് പ്രസ്തുത തസ്തികയിൽ തുടരുന്നവർക്ക് മാത്രമേ പൊതു സ്ഥലംമാറ്റത്തിനു അപേക്ഷിക്കാൻ അർഹതയുള്ളൂ.

10. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി നീക്കി വച്ചിട്ടുള്ള നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് നടത്തപ്പെടുന്നവ ഒഴികെയുള്ള എല്ലാ സ്ഥലംമാറ്റങ്ങൾക്കും സേവനകാല ദൈർഘ്യം മാത്രമായിരിക്കും പരിഗണിക്കുക. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച് താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു.

(1) പെൻഷന് 1 വർഷം സർവീസ് ബാക്കിയുള്ളവർക്ക് സ്വന്തം താല്പര്യപ്രകാരം സ്ഥലംമാറ്റം മുൻഗണനാ ക്രമത്തിൽ നൽകുന്നതാണ്.

(2) താഴെപ്പറയുന്ന കാര്യങ്ങളിൽ സഹതാപാർഹമായ സാഹചര്യത്തിലുള്ള സ്ഥലംമാറ്റം നൽകുന്നതാണ്.

(എ) സർക്കാർ ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാധ്യാപകർ ,പ്രൈമറി വിഭാഗം അധ്യാപകർ എന്നിവർക്ക് അപകടം വഴിയോ ഗുരുതരമായ രോഗം വഴിയോ സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.

(ബി) സർക്കാർ ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാധ്യാപകർ ,പ്രൈമറി വിഭാഗം അധ്യാപകർ എന്നിവർക്ക് കാൻസർ പോലുള്ള ദീർഘകാല ചികിത്സ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യമാകുകയും ചെയ്യുന്ന രോഗങ്ങൾ പിടിപെട്ടവർ.

(സി) ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ/അമ്മ തുടങ്ങിയ , സർക്കാർ ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാധ്യാപകർ ,പ്രൈമറി വിഭാഗം അധ്യാപകർ എന്നിവരെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായ രോഗങ്ങൾ പിടിപെടുകയും സർക്കാർ ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാധ്യാപകർ ,പ്രൈമറി വിഭാഗം അധ്യാപകർ എന്നിവരുടെ സാമീപ്യം അനിവാര്യമാവുകയും ചെയ്യുന്ന അവസ്ഥ. രോഗത്തിന്റെ അവസ്ഥ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കണം . സഹതാപാർഹ സ്ഥലംമാറ്റത്തിനു അപേക്ഷിക്കുന്നവർ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അനുബന്ധ രേഖകളുടെയും ശരിപകർപ്പ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകേണ്ടതാണ്.

(3). സൈനിക സേവനത്തിനിടെ മരണമടഞ്ഞ/അംഗവൈകല്യം സംഭവിച്ച ജവാന്റെ ഭാര്യ/ഭർത്താവിന് പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും. ഇവർ സൈനിക മേധാവികളിൽ നിന്നോ സൈനിക ക്ഷേമ ഡയറക്ടറിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റിന്റെ ശരി പകർപ്പ് നൽകേണ്ടതാണ് . സഹതാപാർഹമായ മേൽ സ്ഥലംമാറ്റം പ്രസ്തുത തസ്തികയിലേക്ക് സ്ഥലംമാറ്റം നൽകപ്പെടുന്ന ആകെ എണ്ണത്തിന്റെ **10%** ത്തിൽ അധികരിക്കാവുന്നതല്ല.

11. സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സൂചന (14) ലെ സർക്കാർ ഉത്തരവ് പ്രകാരം 2017-18 വർഷം മുതൽ പ്രത്യേക മുൻഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ എണ്ണം 20 ആക്കി നിശ്ചയിച്ചിട്ടുണ്ട്. മുൻഗണന പ്രകാരമുള്ള സ്ഥലംമാറ്റം അതാത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20% ത്തിൽ അധികരിക്കുവാൻ പാടില്ല. അത്തരം വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകർ ഒരു സ്ഥലത്തേക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ താഴെ കൊടുത്തിട്ടുള്ള ക്രമപ്രകാരം പരിഗണിക്കുന്നതാണ്. ഓരോ തസ്തികയിലും ഏതു വിഭാഗത്തിൽപ്പെട്ടവരെയാണ് മുൻ ലിസ്റ്റുകളിൽ അവസാനമായി പരിഗണിച്ചത് ആയതിന്റെ തുടർച്ചയായിട്ടായിരിക്കണം ഈ വർഷം പരിഗണിക്കേണ്ടതും. പ്രയോരിറ്റിയിൽ റൊട്ടേഷൻ വ്യവസ്ഥ കൃത്യമായും പാലിക്കേണ്ടതാണ്. 2017-18 വർഷം മുതൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ പുതിയ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് നിയമന അധികാരി ഉറപ്പുവരുത്തേണ്ടതാണ്.

**പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ) വിഭാഗങ്ങൾ**

1) പട്ടിക ജാതി/പട്ടികവർഗത്തിൽപ്പെട്ട ജീവനക്കാർ

2) അന്ധരായ ഉദ്യോഗസ്ഥർ

3) വികലാംഗരായ ജീവനക്കാർ

4) മൂകരും ബാധിരരുമായ ജീവനക്കാർ

5) സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം , ഭേദപ്പെട്ട കുഷ്ഠം , അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശീസംബന്ധമായ അസുഖമുള്ളവർ (Locomotor, disability including cerebral palsy, cured Leprosy, dwarfism, acid attack victim, muscular dystrophy).

6) മാനസിക പ്രശ്നമുള്ളവർ (Mental Disability)

7) ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ /ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ.

8) ഓട്ടിസം/ സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ

9) 50% ത്തിനു മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ

10) ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ

11) യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ ഭർത്താവ് /അച്ഛൻ/ അമ്മ /മകൻ/ മകൾ)

12) സ്വാതന്ത്ര്യ സമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ

13) വിധവകൾ/ വിഭാര്യർ/ പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ

14) മിശ്രവിവാഹിതർ

15) നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ

16) അംഗീകൃത സർവീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് / സെക്രട്ടറി, ജില്ലാ പ്രസിഡന്റ് / സെക്രട്ടറി

17) സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ

18) ജവാന്റെ ബന്ധു (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൾ/മകൻ)

19) അർദ്ധസൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൾ/മകൻ

20) പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ്

മേൽ സൂചിപ്പിച്ച പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗക്കാർക്കുള്ള സ്ഥലംമാറ്റം പ്രസ്തുത തസ്തികയിലേക്ക് നൽകപ്പെടുന്ന ആകെ എണ്ണത്തിന്റെ 20% ത്തിൽ അധികരിക്കാവുന്നതല്ല. അവർ ഒരേ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ പ്രസ്തുത തസ്തികയിലെ ദൈർഘ്യം (സീനിയോരിറ്റി) ഉള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന പിന്നാക്ക വിഭാഗക്കാർ ആയത് തെളിയിക്കുന്ന ആധികാരിക രേഖകളുടെ ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകേണ്ടതും പ്രയോറിട്ടി അനുവദിച്ച് കിട്ടിയെന്ന് അപേക്ഷകർ ഉറപ്പ വരുത്തേണ്ടതുമാണ്. ആധികാരിക രേഖയുടെ പകർപ്പ് യഥാസമയം സമർപ്പിക്കാത്ത അപേക്ഷകൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

12. ഹൈസ്കൂൾ അധ്യാപകർ ആയിരുന്ന പ്രൈമറി വിഭാഗം പ്രധാനാധ്യാപകർക്ക് സ്വന്തം താൽപ്പര്യപ്രകാരം ഹൈസ്കൂൾ അധ്യാപക തസ്തികയിലേക്ക് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം മോഡൽ

റെസിഡൻഷ്യൽ സ്കൂളുകളിലേക്ക് (എം ആർ എസ്) സ്ഥലംമാറ്റം ലഭിച്ചവർ പ്രസ്തുത സ്ഥാപനത്തിൽ തുടർച്ചയായി മൂന്നു വർഷം സേവനം അനുഷ്ഠിച്ചാൽ മാത്രമേ സ്ഥലംമാറ്റത്തിനു പരിഗണനാർഹരാകൂ . എന്നാൽ എം ആർ എസ് സ്കൂളുകളിൽ നേരിട്ടുള്ള നിയമനം ലഭിച്ചവർ സ്ഥലംമാറ്റത്തിനു അപേക്ഷിക്കുന്ന വർഷം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനു പരിഗണിക്കുന്നതാണ് . മറ്റ് സ്ഥാപനങ്ങളിൽ നിന്നും എം ആർ എസ് സ്ഥാപനങ്ങളിലേക്ക് പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതല്ല.

13. അപേക്ഷയുടെ അവസാന ഭാഗങ്ങളിൽ സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപനത്തിലെ വിവരങ്ങളാണ് നൽകേണ്ടത്. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന പരമാവധി **10** വരെയുള്ള സ്ഥാപനങ്ങളുടെ പേര് മുൻഗണനാ ക്രമത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 30/06/2022 വരെ ഉണ്ടാകുന്ന ഒഴിവുകളെ സംബന്ധിച്ച വിവരം വെബ് സൈറ്റിൽ തന്നെ ലഭ്യമാണ് . ഒരു സ്ഥാപനത്തിലെ സ്ഥലംമാറ്റം മൂലം ഉണ്ടാകുന്ന ഒഴിവുകളിലേക്കും പിന്നീട് ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്കും അപേക്ഷിക്കാവുന്നതാണ്. ഈ അദ്ധ്യയന വർഷത്തിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളിലും ഈ ഒരു അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. ആയതിനാൽ സമർപ്പിക്കുന്ന അപേക്ഷയിൽ പിശകുകളില്ലെന്നു അപേക്ഷകൻ ഉറപ്പുവരുത്തേണ്ടതാണ്. നൽകിയ വിവരങ്ങൾ പൂർണ്ണമായും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ അപേക്ഷ കൺഫേം ചെയ്യാവൂ. **01/06/2022** ന് ശേഷം അപേക്ഷയിൽ യാതൊരുവിധ മാറ്റവും അനുവദിക്കുന്നതല്ല.

14. ഓൺലൈനിലൂടെ അല്ലാതെ ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല . അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചാൽ അത് റദ്ദ് ചെയ്യുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സ്ഥലംമാറ്റം ലഭിച്ച സ്ഥലത്ത് ഏതെങ്കിലും കാരണത്താൽ തസ്തിക ഒഴിവ് ഇല്ലാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യുവാനുള്ള അധികാരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിലെ പ്രധാനാധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സേവനപുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിത തീയതിക്കകം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകേണ്ടതാണ്. എൽ പി സ്കൂൾ, യു പി സ്കൂൾ എന്നിവ മാത്രമായുള്ള സ്കൂളിലെ പ്രധാനാധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സേവനപുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി ഉടനടി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവർക്ക് ലഭിച്ച പ്രൈമറി പ്രധാനാധ്യാപകരുടെയും പ്രൈമറി അധ്യാപകരുടെയും സ്ഥലംമാറ്റ അപേക്ഷകൾ അപേക്ഷകരുടെ സേവനപുസ്തകവുമായി ഒത്തുനോക്കി രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിത തീയതിക്കകം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകേണ്ടതാണ്.

15. ഓൺലൈൻ മുഖേന പുറപ്പെടുവിക്കുന്ന സ്ഥലംമാറ്റ ഉത്തരവിന്റെ കൃത്യത അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ തന്നെ ആയിരിക്കുന്നതാണ്.

16. 2022-23 അധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ചേർക്കുന്നു.

**ഒഴിവുകൾ എന്നത് 30/06/2022 വരെ സേവനത്തിൽ നിന്നും പെൻഷൻ പറ്റുന്ന ജീവനക്കാരും ഉൾപ്പെടുന്നതാണ്.**

| | |
|---|---|
| 1. ഓരോ ജില്ലയിലെയും 30/06/2022 വരെയുള്ള ഒഴിവുകളുടെ വ്യക്തമായ | **26/05/2022 മുതൽ** |

| | | |
|---|---|---|
| | കണക്കു നിശ്ചിത മാതൃകയിൽ വെബ് സൈറ്റിൽ ഉൾപ്പെടുത്തേണ്ട തീയതി. | 27/05/2022 വരെ |
| 2. | അപേക്ഷ സ്വീകരിക്കുന്ന തീയതി | 28/05/2022 മുതൽ 01/06/2022 വരെ |
| 3. | സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപ ജില്ലാ തലത്തിലും അപേക്ഷ പരിശോധിക്കുന്നതിന് അനുവദിക്കുന്ന സമയം | 02/06/2022 മുതൽ 06/06/2022 വരെ |
| 4. | വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിൽ അപേക്ഷ പരിശോധിക്കലും, സീനിയോരിറ്റി തയ്യാറാക്കലും, അപേക്ഷകളിൽ പ്രധാനാധ്യാപകർ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ടി കാലയളവിൽ തിരുത്തേണ്ടതാണ്. | 07/06/2022 മുതൽ 10/06/2022 വരെ |
| 5. | ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോരിറ്റി അടങ്ങിയ സംക്ഷിപ്ത രൂപം) പ്രസിദ്ധീകരിക്കുന്നത്. | 13/06/2022 |
| 6. | അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം. | 14/06/2022 മുതൽ 17/06/2022 വരെ |
| 7. | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 18/06/2022 |
| 8. | താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം | 19/06/2022 മുതൽ 21/06/2022 വരെ |
| 9. | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 22/06/2022 |

17. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ സ്ഥലംമാറ്റ അപേക്ഷകൾ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല . എന്നാൽ പ്രത്യേക സാഹചര്യത്തിൽ അപേക്ഷ റദ്ദ് ചെയ്യുന്നതിലേക്കായി ടി അപേക്ഷകന്റെ ആപ്ലിക്കേഷൻ ഐ ഡി ചൂണ്ടിക്കാട്ടി പ്രധാനാധ്യാപകൻ മുഖേന വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ complaint link ൽ ൽ ശുപാർശ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനകൾക്ക് ശേഷം അപേക്ഷ വെബ് സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കൈറ്റ് സ്വീകരിക്കുന്നതുമാണ്.

18. അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഈ ഉത്തരവ് വെബ് സൈറ്റിൽ നൽകുകയും അധ്യാപകർക്ക് ഇവ ഡൌൺലോഡ് ചെയ്ത് റിലീസ് ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതുമാണ്. എന്നിരുന്നാലും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് ബന്ധപ്പെട്ട അധ്യാപകർക്കും പ്രധാനാധ്യാപകർക്കും രജിസ്റ്റേർഡ് തപാൽ മുഖേന നിർബന്ധമായും അയക്കേണ്ടതും

സ്ഥലംമാറ്റം അനുവദിച്ച അധ്യാപകരെ ഉത്തരവ് തീയതി മുതൽ **7 ദിവസത്തിനകം** വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നടപടി ഉത്തരവിൽ സൂചിപ്പിക്കേണ്ടതും പ്രധാനാധ്യാപകർ ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

19. അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയുള്ള എല്ലാ നടപടി ക്രമങ്ങളും ഓൺലൈൻ മുഖേനെയാണ് നടക്കുന്നത്. അതിനാൽ അപേക്ഷകർ നിരന്തരം നടപടിക്രമങ്ങൾ നിരീക്ഷിക്കേണ്ടതും പരാതികൾ/ തർക്കങ്ങൾ എന്നിവയുണ്ടെങ്കിൽ ഇതിനായി അനുവദിച്ചിരിക്കുന്ന സമയത്ത് പരാതി രേഖാമൂലം ഉചിതമാർഗേന ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ ക്ക് നൽകേണ്ടതുമാണ്. അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ഒരു പരാതിയും പരിഗണിക്കുന്നതല്ല. സമയപരിധി ചിട്ടപ്പെടുത്തിയിരിക്കുന്നത് അനുസരിച്ച് പൂർത്തിയാകാത്തപക്ഷം എവിടെയാണോ വീഴ്ച വരുത്തിയിരിക്കുന്നത് ആ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പൂർണ്ണമായും ഈ വീഴ്ചക്ക് ഉത്തരവാദി ആയിരിക്കും.

20. റവന്യൂ ജില്ലാ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പൊതുവായ സംശയ നിവാരണത്തിനായി അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിലെയും ടെലിഫോൺ നമ്പർ സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ സാങ്കേതിക കാരണങ്ങൾ പരിഹരിക്കുന്നതിനായി കൈറ്റിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (0471-2529800). മറ്റ് പൊതുവായ കാര്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ബന്ധപ്പെടേണ്ടതാണ്. (0471-2580513).

Signature valid

Digitally signed by JEEVAN BABU K IAS
Date: 2022.05.24
07:55:59 PDT
Reason: Approved

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. സി ഇ ഒ, കൈറ്റ് , പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി ).

2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രധാനാധ്യാപകർക്കും. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന )

4. എ 1, എ 3, എ 6 സെക്ഷൻ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.

5. കരുതൽ ഫയൽ.